REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-12-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷിക ദിനമായ ഇന്ന് രാഷ്ട്രം, സദ്ഭരണ ദിനമായി ആചരിക്കുന്നു.
- ലോകമെമ്പാടും ക്രൈസ്തവ വിശ്വാസികൾ ക്രിസ്മസ് ആഘോഷ തിരക്കിൽ.
- സംസ്ഥാനത്തെ കോർപ്പറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരെ നാളെ തെരഞ്ഞെടുക്കും.
- അടുത്ത അധ്യയന വർഷം, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ വൈദ്യുതി അപകടരഹിത കേരളം പദ്ധതി' നടപ്പാക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി.
- ശബരിമലയിൽ മണ്ഡലപൂജയ്ക്ക് മുന്നോടിയായി തങ്കയങ്കി ഘോഷയാത്ര നാളെ സന്നിധാനത്തെത്തും.

## വാർത്തകൾ വിശദമായി

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷിക ദിനമായ ഇന്ന് സദ്ഭരണ ദിനമായി ആചരിക്കുന്നു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപ രാഷ്ട്രപതി C.P രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ഡൽഹിയിലെ വാജ്പേയിയുടെ സമാധി സ്ഥലമായ സദൈവ് അടലിൽ എത്തി ശ്രദ്ധാഞ്ജലി അർപ്പിച്ചു.

✪✪✪

ജീവിതം മുഴുവൻ സദ്ഭരണത്തിനും രാഷ്ട്ര നിർമ്മാണത്തിനുമായി സമർപ്പിച്ച നേതാവായിരുന്നു വാജ്‌പേയ് എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. വാജ്‌പേയിയുടെ വ്യക്തിത്വവും പ്രവർത്തനങ്ങളും നേതൃത്വവും രാജ്യത്തിന്റെ സമഗ്രമായ വികസനത്തിന് എന്നും വഴികാട്ടിയായിരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിക്ക് ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവൻശ്, കേന്ദ്രമന്ത്രിമാരായ J.P നദ്ദ, കിരൺ റിജിജു, അർജുൻ റാം മേഘ്‌വാൾ, ഡോ ജിതേന്ദ്ര സിംഗ് തുടങ്ങിയവർ ആദരാഞ്ജലി അർപ്പിച്ചു.

സംവിധാൻ സദനിലെ അടൽ ബിഹാരി വാജ്‌പേയിയുടെ ഛായാചിത്രത്തിൽ നേതാക്കൾ പുഷ്പാർച്ചന നടത്തി.

✪✪✪

പണ്ഡിറ്റ് മദൻ മോഹൻ മാളവ്യയുടെ ജന്മവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആദരാഞ്ജലി അർപ്പിച്ചു. മദൻ മോഹൻ മാളവ്യയുടെ അക്ഷീണമായ അറിവ്, സാമൂഹിക പരിഷ്കരണത്തോട് പ്രതിബദ്ധത, മാതൃകാപരമായ ധാർമ്മിക നേതൃത്വം എന്നിവ സമൂഹത്തിന് ഏറെ ഗുണം ചെയ്തതായി ഉപരാഷ്ട്രപതി അനുസ്മരിച്ചു.

പണ്ഡിറ്റ് മദൻ മോഹൻ മാളവ്യയുടെ ആദർശങ്ങൾ വരും തലമുറയ്ക്ക് വഴികാട്ടിയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പണ്ഡിറ്റ് മദൻ മോഹൻ മാളവ്യയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരാഞ്ജലി അർപ്പിച്ചു. ജീവിതം മാതൃരാജ്യത്തിന്റെ സേവനത്തിന് സമർപ്പിച്ച വ്യക്തിയാണ് മദൻ മോഹൻ മാളവ്യയെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. സാമൂഹിക പരിഷ്കാരങ്ങൾക്കൊപ്പം ദേശീയ അവബോധം ഉണർത്തുന്നതിലും നിർണായക പങ്ക് വഹിച്ച വ്യക്തിയാണ് മാളവ്യ. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് മാളവ്യ നൽകിയ അതുല്യ സംഭാവന ഒരിക്കലും മറക്കാനാവില്ലെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ലോകമെമ്പാടും ക്രൈസ്തവ വിശ്വാസികൾ ക്രിസ്മസ് ആഘോഷത്തിന്റെ തിരക്കിൽ. മനുഷ്യകുലത്തിന് പ്രകാശവും പ്രത്യാശയും പകർന്ന് ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ യേശുദേവൻ ജനിച്ചതിന്റെ ഓർമ്മ പുതുക്കിയാണ് ഈ സുദിനം ആഘോഷിക്കുന്നത്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം വിളിച്ചോതുന്ന ക്രിസ്മസ് ദിനത്തിൽ, ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും നടത്തി.

പള്ളികളിൽ, പാതിരാ കുർബാനയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. പുൽക്കൂടുകളും നക്ഷത്ര വിളക്കുകളും ക്രിസ്മസ് ട്രീകളും കൊണ്ട് അലങ്കരിച്ച് ദേവാലയങ്ങളും വീടുകളും ക്രിസ്മസിനെ വരവേറ്റു. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ തിരുക്കർമ്മങ്ങൾക്ക് ലിയോ പതിനാലാമൻ മാർപാപ്പ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. കേരളത്തിലെ വിവിധ ദേവാലയങ്ങളിലും ഭക്തിനിർഭരമായ ചടങ്ങുകൾ സംഘടിപ്പിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങൾക്ക് ക്രിസ്മസ് ആശംസകൾ നേർന്നു. എല്ലാവർക്കും സമാധാനവും, കാരുണ്യവും, പ്രത്യാശയും നിറഞ്ഞ സന്തോഷകരമായ ക്രിസ്മസ് ആശംസിക്കുന്നുവെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. യേശു ക്രിസ്തുവിന്റെ ഉപദേശങ്ങൾ സമൂഹത്തിൽ ഐക്യം ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

✪✪✪

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം പകർന്ന് പള്ളികളിൽ നടന്ന പാതിരാ കുർബാനയിലും തിരുകർമങ്ങളിലും നിരവധി പേർ പങ്കെടുത്തു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ....

....(വോയ്സ്)......

✪✪✪

സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലെ മേയർ, ഡെപ്യൂട്ടി മേയർ, 86 മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരെ നാളെ തെരഞ്ഞെടുക്കും. മേയർ, ചെയർപേഴ്സൺ

തെരഞ്ഞെടുപ്പ് രാവിലെ പത്തരയ്ക്കും, ഡെപ്യൂട്ടി മേയർ, വൈസ് ചെയർപേഴ്സൺ തെരഞ്ഞെടുപ്പ് ഉച്ചകഴിഞ്ഞ് രണ്ടരയ്ക്കുമാണ്. കൊച്ചി, തൃശൂർ, കണ്ണൂർ കോർപറേഷനുകളിൽ വനിതകളാണ് മേയർമാർ. മുൻസിപ്പാലിറ്റികളിൽ 44 അധ്യക്ഷ സ്ഥാനം വനിതകൾക്കും, ആറ് എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും, ഒരെണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനുമാണ്.

ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പ്, മറ്റന്നാൾ രാവിലെ പത്തരയ്ക്കാണ്. ഉച്ചയ്ക്ക് രണ്ടരയ്ക്ക് വൈസ് പ്രസിഡന്റിനെയും തെരഞ്ഞെടുക്കും.

✪✪✪

തൃശ്ശൂർ കോർപ്പറേഷൻ മേയർ സ്ഥാനത്തേക്ക് ഡോ. നിജി ജസ്റ്റിനെയും, ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് A പ്രസാദിനെയും, തീരുമാനിച്ചതായി DCC പ്രസിഡന്റ് ജോസഫ് ടാജറ്റ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രഖ്യാപനം എന്ന് ജോസഫ് ടാജറ്റ് വ്യക്തമാക്കി.

✪✪✪

മലപ്പുറം ജില്ലയിൽ LDFന് ഭരണം ലഭിച്ച ഏക നഗരസഭയായ പൊന്നാനിയിൽ ചെയർപേഴ്സൺ സ്ഥാനത്തേക്ക് CV സുധയെ CPIM തീരുമാനിച്ചു. വൈസ് ചെയർപേഴ്സണായി CP സക്കീറിനെയും പാർലമെന്ററി പാർട്ടി ലീഡറായി P ഷംസുദ്ധീനെയും തീരുമാനിച്ചതായും പാർട്ടി പൊന്നാനി ഏരിയാ കമ്മിറ്റി അറിയിച്ചു.

✪✪✪

സംസ്ഥാന തദ്ദേശ തെരഞ്ഞെടുപ്പിലെ ഫലങ്ങൾ വിലയിരുത്തി, വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ തന്ത്രങ്ങൾ മെനയാൻ രാഷ്ട്രീയ പാർട്ടികളും മുന്നണികളും തയ്യാറെടുപ്പുകൾ തുടങ്ങി. പ്രതീക്ഷിച്ച ഫലമല്ല തദ്ദേശ തെരഞ്ഞെടുപ്പിൽ ഉണ്ടായതെന്നും കാര്യങ്ങൾ വിശദമായി പരിശോധിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ മാധ്യമങ്ങളോട് വ്യക്തമാക്കിയതോടെ, LDF വിലയിരുത്തലിന് തുടക്കം കുറിച്ചെന്ന് വ്യക്തമായി.

.....ഡെസ്ക് റിപ്പോർട്ട്....

തിരുത്തലുകൾ വരുത്തേണ്ടതുണ്ടെങ്കിൽ തിരുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വരും ദിവസങ്ങളിൽ LDF യോഗങ്ങളിൽ പരിശോധനക്ക് തയ്യാറെടുക്കും എന്നതിന്റെ വ്യക്തമായ തെളിവാണ്. LDF കൺവീനർ TP രാമകൃഷ്ണൻ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഫലം വന്ന ഉടനെ, മുന്നണിയ്ക്ക് വോട്ടു കുറഞ്ഞതിനെ കുറിച്ച് പരിശോധന നടത്തുമെന്ന് അറിയിച്ചിരുന്നു.

സംസ്ഥാനത്തെ UDF നേതൃത്വമാകട്ടെ, തദ്ദേശ തെരഞ്ഞെടുപ്പിൽ അനുകൂലമായി വോട്ട് ചെയ്തവരെ ഉറപ്പിച്ചു നിർത്താനും കൂടുതൽ വോട്ട് സമാഹരിക്കാനും തന്ത്രങ്ങൾ ആവിഷ്കരിക്കുന്ന തിരക്കിലാണ്. എന്നാൽ കോർപ്പറേഷനുകളിലും ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അമരക്കാരെ നിയോഗിക്കുന്നതിലെ അഭിപ്രായ വ്യത്യാസങ്ങൾ അവരെ തെല്ലൊന്നുമല്ല അലട്ടുന്നത്. കൊച്ചിയിലെ മേയർ ആരാകണം എന്നതിലടക്കം അഭിപ്രായ വ്യത്യാസങ്ങൾ, നേതാക്കൾ തന്നെ, പരസ്യമായി പ്രകടിപ്പിക്കുകയാണ്. ഇതൊക്കെയാണെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിനെ ഒറ്റക്കെട്ടായി UDF നേരിടുമെന്നാണ് പ്രതിപക്ഷ നേതാവ് VD സതീശൻ അടക്കം നേതാക്കളുടെ അവകാശവാദം.

തിരുവനന്തപുരം കോർപ്പറേഷനിലെ മേയർ പദവി ആർക്ക് നൽകണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ലാതെ മുന്നോട്ട് പോകാനാണ് NDA യുടെ ആഗ്രഹം. കോർപ്പറേഷനിലെ നിയമസഭാ മണ്ഡലങ്ങളിൽ പരമാവധി വോട്ട് സമാഹരിച്ച് സാമാജികരെ കണ്ടെത്താനാണ് BJP സംസ്ഥാന നേതൃത്വത്തിന്റെ തീരുമാനം. അതിനനുസരിച്ച് തന്ത്രങ്ങൾ, വരും ദിവസങ്ങളിൽ രൂപപ്പെടുത്തും. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക പദ്ധതികൾ ഉപയോഗിച്ച് കൂടുതൽ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്ത് തിരുവനന്തപുരത്തെ വോട്ടർമാരുടെ മനസ്സിൽ ചേക്കാറാനാണ് NDA യുടെ ശ്രമം.

✪✪✪

കർണാടകയിലെ ചിത്ര ദുർഗയിൽ സ്ലീപ്പർ ബസ് ട്രക്കുമായി കൂട്ടിയിടിച്ച്, തീപിടിച്ച് പത്തിലധികം പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റതായി റിപ്പോർട്ടുണ്ട്. ബെംഗലൂരുവിൽ നിന്ന് ശിവമോഗയിലേക്ക് പോകുകയായിരുന്ന ബസാണ് പുലർച്ചെ അപകടത്തിൽപ്പെട്ടത്. ദേശീയപാത- 48 ലായിരുന്നു അപകടം.

✪✪✪

ചിത്രദുർഗ്ഗയിലെ ബസ് അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ദുഃഖമറിയിച്ചു. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

അടുത്ത അധ്യയന വർഷം 345 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ NSS യൂണിറ്റുകളുമായി സഹകരിച്ച് വൈദ്യുതി അപകടരഹിത കേരളം പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. വിദ്യാർത്ഥികൾക്കും, പൊതു ജനങ്ങൾക്കുമിടയിൽ വൈദ്യുതി സുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

✪✪✪

ശബരിമലയിൽ മണ്ഡലപൂജയ്ക്ക് മുന്നോടിയായി തങ്കയങ്കി രഥ ഘോഷയാത്ര നാളെ സന്നിധാനത്തെത്തും. കഴിഞ്ഞ ചൊവ്വാഴ്ചയാണ് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് തങ്കയങ്കി ഘോഷയാത്ര പുറപ്പെട്ടത്. ഇന്ന് കോന്നിയിൽ നിന്ന് പ്രയാണം ആരംഭിച്ച ഘോഷയാത്ര പെരിനാട് അവസാനിക്കും. നാളെ ഉച്ചയ്ക്ക് 1.30-ന് പമ്പയിലെത്തും. വൈകീട്ട് അഞ്ചിന് ശരംകുത്തിയിൽ, ആചാരപൂർവം തങ്കയങ്കി സ്വീകരിച്ച്, സന്നിധാനത്ത് എത്തിക്കും.

പതിനെട്ടാംപടി കയറിയെത്തുമ്പോൾ സോപാനത്ത്, തന്ത്രിയും മേൽശാന്തിയും ചേർന്ന്, തങ്കയങ്കി ഏറ്റുവാങ്ങി അയ്യപ്പന് ചാർത്തി ദീപാരാധന നടത്തും. മറ്റന്നാൾ രാവിലെ 10.10-നും 11.30-നും ഇടയിലാണ് മണ്ഡലപൂജ. അന്ന് രാത്രി 11-ന് നട അടയ്ക്കുന്നതോടെ മണ്ഡല ഉത്സവത്തിന് സമാപനമാകും.

മകരവിളക്കിന് 30-ന് വീണ്ടും നട തുറക്കും.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേസ് അട്ടിമറിക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. അന്താരാഷ്ട്ര കള്ളക്കടത്ത് സംഘം ഇതിന് പിന്നിൽ ഉണ്ടെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. കോടതിയുടെ മേൽനോട്ടത്തിൽ CBI സംഘം കേസ് അന്വേഷിക്കണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു. കേസിലെ അന്താരാഷ്ട്ര ബന്ധങ്ങളെ കുറിച്ചും അന്വേഷിക്കണമെന്ന് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

✪✪✪

**ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ അംഗങ്ങളായ KP ശങ്കരദാസിനെയും N വിജയ കുമാറിനെയും പ്രത്യേക അന്വേഷണ സംഘം നാളെ ചോദ്യം ചെയ്യും. ഇരുവരോടും ചോദ്യം ചെയ്യലിന് ഹാജരാകാൻ SIT ആവശ്യപ്പെട്ടിട്ടുണ്ട്.**

✪✪✪

**കാസർകോട് ജില്ലയിലെ ആലാമിപള്ളി മുതൽ മടിയൻ വരെ, പ്രമുഖ സ്വാതന്ത്ര്യസമര സേനാനികളുടെയും, സാംസ്കാരിക നായകരുടെയും ജന്മ-കർമ്മഭൂമികളിലൂടെ ദേശീയ പൈതൃക ഇടനാഴി, ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും സന്ദർശിച്ചു.**

**കാസർകോട് പ്രതിനിധി P. ജഗന്നിവാസൻ....**

**.......(വോയ്സ് )........**

✪✪✪

**84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് ഈ മാസം 28 ന് തലശ്ശേരി ബ്രണ്ണൻ കോളജിൽ തുടങ്ങും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുക്കുന്ന ചരിത്ര കോൺഗ്രസ്, 28 ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

✪✪✪

**സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് ലോക്സഭാ പബ്ലിക്സ് അക്കൗണ്ട്സ് കമ്മിറ്റി ആവശ്യപ്പെട്ടു. PAC അധ്യക്ഷൻ KC വേണുഗോപാലിന്റെ നേതൃത്വത്തിൽ വയനാട് തരിയോട് മഞ്ഞൂറയിൽ ചേർന്ന കമ്മിറ്റിയാണ് നടപടി ആവശ്യപ്പെട്ടത്. വയനാട് MP പ്രിയങ്ക ഗാന്ധി, PAC യ്ക്ക് മനുഷ്യ, വന്യജീവി സംഘർഷത്തിൽ നടപടി ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു.**

✪✪✪

---

***News Editor : വി കെ സുരേഷ്***
***News Reader: അനുഷ ആത്മപ്രകാശ്***
***NRTs: സയ്യിദ് അലി ശിഹാബ്, ഫസ്ന ഫാത്തിമ***
***DEO : ഷീബ***